# പതിമൂന്നാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 705 06.02.2013- ൽ മറുപടിക്ക്

### ഹാൻടെക്സ് വാങ്ങിയ തുണിത്തരങ്ങൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.എ.കെ.ശശീന്ദ്രൻ | | ശ്രീ.പി.കെ കുഞ്ഞാലിക്കുട്ടി (വ്യവസായവും വിവരസാങ്കേതികവും വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ തൊഴിലാളികളിൽ നിന്ന് പ്രാഥമിക കൈത്തറി സഹകരണ സംഘങ്ങൾ വഴി ഈ വർഷം എത്ര രൂപയുടെ തുണി ഹാൻടെക്സ് വാങ്ങിയെന്ന് വ്യക്തമാക്കുമോ; | (എ) | പ്രാഥമിക സഹകരണ സംഘങ്ങൾ വഴി ഈ വർഷം 12,54,25,095/- രൂപയുടെ തുണിയാണ് ഹാൻറ്റക്സ് വാങ്ങിയിട്ടുള്ളത്. |
| (ബി) | സംസ്ഥാനത്തെ കൈത്തറി നെയ്ത്ത് സഹകരണ സംഘം (ഹാൻടെക്സ്) അന്യസംസ്ഥാനങ്ങളിലെ സ്വകാര്യ സംരംഭകരിൽ നിന്നും ഈ വർഷം എത്ര കോടി രൂപയുടെ തുണി വാങ്ങിക്കൂട്ടിയെന്ന് വെളിപ്പെടുത്താമോ; | (ബി) | ഹാൻറ്റക്സ് അന്യ സംസ്ഥാനങ്ങളിലെ സ്വകാര്യ സംരംഭകരിൽ നിന്നും തുണി വാങ്ങിയിട്ടില്ല. ഹാന്റക്സിന്റെ ബൈലായിലെ ലക്ഷ്യങ്ങൾ 7 പ്രകാരം "ഇന്ത്യയിലുള്ള കൈത്തറി തുണി ഉത്പാദകരോ കയറ്റുമതി ചെയ്യുന്നവരോ ആയ ആളുകളിൽ നിന്നും, കൈത്തറി ഉൽപ്പന്നങ്ങൾ വിലക്ക് വാങ്ങുകയോ, സംഭരിക്കുകയോ ചെയ്യുകയും, അവ പ്രദർശനത്തിനും, വിൽപ്പനയ്ക്കും വേണ്ടി സ്ഥാപിക്കുകയും നടത്തുകയും ചെയ്യുക" ഹാന്റക്സിന് ഇതിനുള്ള അധികാരം ഉണ്ട്. ആയതിനാൽ ഹാന്റക്സിന്റെ അംഗ സംഘങ്ങൾ ഉത്പാദിപ്പിക്കാത്ത ഇനങ്ങൾ കേന്ദ്ര സർക്കാർ സ്ഥാപനമായ നാഷണൽ സ്മാൾ ഇൻഡസ്ട്രീസ് കോർപ്പറേഷൻ ലിമിറ്റഡിൽ (എൻ.എസ്.ഐ.സി) നിന്നും ഈ വർഷം 2,85,59,767/- രൂപയുടെ തുണിത്തരങ്ങൾ വാങ്ങിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | തിരുവനന്തപുരം ജില്ലയിൽ പുതുതായി എത്ര സംഘങ്ങളാണ് രജിസ്റ്റർ ചെയ്തതെന്ന് വ്യക്തമാക്കാമോ; നെയ്യാറ്റിൻകര താലൂക്കിൽ നിലവിൽ എത്ര സംഘങ്ങളാണ് രജിസ്റ്റർ ചെയ്തിട്ടുള്ളതെന്നും; അവയിൽ എത്ര എണ്ണം പ്രവർത്തനക്ഷമമാണെന്നും വ്യക്തമാക്കാമോ; | (സി) | 2006 ജനുവരിക്ക് ശേഷം പ്രാഥമിക കൈത്തറി സംഘങ്ങൾ ഒന്നും തന്നെ രജിസ്റ്റർ ചെയ്തിട്ടില്ല. നെയ്യാറ്റിൻകര താലൂക്കിൽ ആകെ 274 കൈത്തറി നെയ്ത്ത് കോ-ഓപ്പറേറ്റീവ് സൊസൈറ്റികൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. അതിൽ 245 എണ്ണം ഇപ്പോൾ പ്രവർത്തനക്ഷമമാണ്. |
| (ഡി) | പുതുതായി രൂപീകരിക്കപ്പെട്ടിട്ടുള്ള കടലാസ് സംഘങ്ങളുടെ പേരിൽ അന്യ സംസ്ഥാനത്തുള്ള സ്വകാര്യ വ്യക്തികളുടെ തുണിത്തരങ്ങൾ വാങ്ങി കൂട്ടുന്നതും വ്യാജരേഖകളിലൂടെ റിബേറ്റ് വെട്ടിപ്പ് നടത്തുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇത് തടയുന്നതിനായി ഭാവിയിൽ എന്തൊക്കെ നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്താമോ? | | അന്യസംസ്ഥാനത്തുള്ള തുണിത്തരങ്ങൾ വാങ്ങി വ്യാജ രേഖകളിലൂടെ റിബേറ്റ് വെട്ടിപ്പ് നടത്തുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഇത്തരം സാഹചര്യം ഉണ്ടാകാതിരിക്കുന്നതിനായി റിബേറ്റ് വിൽപ്പനയുമായി ബന്ധപ്പെട്ട നടപടിക്രമങ്ങൾ ഊർജ്ജിതമായി നടത്തിവരുന്നു. |

സെക്ഷൻ ഓഫീസർ